REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-02-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിയമസഭാ തെരഞ്ഞെടുപ്പിൽ ഡൽഹി അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പ്രയാഗ്-രാജിലെ മഹാകുംഭമേളയിൽ പങ്കെടുക്കും.**
- **ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനിൽ ഹിന്ദു ഏകതാ സമ്മേളനം RSS സർസംഘ് ചാലക് ഡോ. മോഹൻ ഭഗവത് വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **കൊട്ടാരക്കര സദാനന്ദപുരത്ത് ആംബുലൻസും ലോറിയും കൂട്ടിയിടിച്ച് രോഗിയടക്കം രണ്ടുപേർ മരിച്ചു.**
- **38-ാമത് ദേശീയ ഗെയിംസ്, ഫുട്ബോൾ സെമിഫൈനലിൽ കേരളം ഇന്ന് അസമിനെ നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിൽ ഡൽഹി ഇന്ന് വിധിയെഴുതും. 70 അംഗ നിയമസഭയിലേക്ക് അല്പസമയത്തിനകം ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറ് വരെ തുടരും. ഒരു കോടി 56 ലക്ഷത്തിലേറെ വോട്ടർമാർ 699 സ്ഥാനാർത്ഥികളിൽ നിന്ന് സ്വന്തം പ്രതിനിധികളെ തെരഞ്ഞെടുക്കും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ് രിവാൾ, ഡൽഹി മുഖ്യമന്ത്രി അതിഷി, BJP-യുടെ വിജേന്ദർ ഗുപ്ത, പ്രവേശ് വർമ, രമേശ് ബിധുരി, കൈലാഷ് ഗലോട്ട്, കോൺഗ്രസിന്റെ സന്ദീപ് ദീക്ഷിത്, ഹറൂൺ യൂസഫ്, അൽക്കാ ലാംബ, തുടങ്ങിയ പ്രമുഖർ മത്സര രംഗത്തുണ്ട്.

13,700ലധികം പോളിംഗ് ബൂത്തുകൾ ദേശീയ തലസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ട്. 70 പോളിംഗ് സ്റ്റേഷനുകൾ വീതം കൈകാര്യം ചെയ്യുന്നത് വനിതകളും ദിവ്യാംഗരുമാണ്. ഒരുലക്ഷത്തി 80,000ലേറെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പ്രയാഗ്-രാജിലെ മഹാകുംഭമേളയിൽ പങ്കെടുക്കും. ത്രിവേണി സംഗമത്തിൽ സ്നാനം ചെയ്യുന്ന അദ്ദേഹം സംഗമത്തിലെ പൂജയിലും പങ്കുചേരും. UP മുഖ്യമന്ത്രി ആദിത്യനാഥും അദ്ദേഹത്തിനൊപ്പം ഉണ്ടായിരിക്കും. കുംഭമേളയിൽ പങ്കെടുക്കാനെത്തിയ സന്യാസിമാരെയും അദ്ദേഹം സന്ദർശിക്കും.

ജനുവരി 13ന് ആരംഭിച്ച മഹാകുംഭമേളയിൽ ഇതുവരെ 38 കോടിയിലധികം തീർത്ഥാടകർ സ്നാനം ചെയ്തുവെന്നാണ് കണക്ക്.

✪✪✪

വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി വാഹന ഉടമകളുടെ മൊബൈൽ നമ്പറുകൾ വാഹൻ സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് ഫെബ്രുവരി 15 വരെ സ്പെഷ്യൽ ഡ്രൈവ് നടത്തും. റീജിയണൽ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇതിന് സൗകര്യം ലഭ്യമാണ്.

✪✪✪

പഠന ഗവേഷണങ്ങളിൽ വിദ്യാർത്ഥികൾ നേടുന്ന അറിവ് സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപകരിക്കണമെന്ന് മന്ത്രി ഡോ. R ബിന്ദു അഭിപ്രായപ്പെട്ടു. തൃക്കാക്കര ഗവ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ പുതിയതായി നിർമ്മിച്ച മെഷീൻ ടൂൾ ലാബും, കോമൺ കമ്പ്യൂട്ടിംഗ് സെന്ററും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എറണാകുളം മഹാരാജാസ് കോളേജിലെ നവീകരിച്ച സിന്തറ്റിക് ട്രാക്കും പുതിയ ലാബും നേരത്തെ മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

KSRTCയിൽ ഒന്നാം തീയതി ശമ്പളം നൽകുമെന്ന് ഉറപ്പുനൽകിയിട്ടും ഒരു വിഭാഗം തൊഴിലാളികൾ സമരം ചെയ്തത് ശരിയായില്ലെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. ജീവനക്കാരുടെ സമരം പരാജയപ്പെട്ടെന്നും ഇത്തരം രീതികൾ വേണ്ടന്ന സന്ദേശമാണ് ഇത് നൽകുന്നത് എന്നും അദ്ദേഹം പറഞ്ഞു.

നവീകരിച്ച ഫോർട്ടുകൊച്ചി ബോട്ട് ജെട്ടിയും, ബോട്ടുകളും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൊച്ചിക്ക് പുതുതായി അനുവദിച്ച ഡബിൾഡക്കർ ബസ് ഉപയോഗിച്ച് ടൂറിസം പാക്കേജ് തയ്യാറാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

അർഹരായ എല്ലാവർക്കും ഭക്ഷ്യധാന്യം ലഭ്യമാക്കുകയാണ് ഗവൺമെന്റ് നയമെന്നും ഇത് ഉറപ്പാക്കുമെന്നും മന്ത്രി GR അനിൽ പറഞ്ഞു. പറമ്പിക്കുളം ഗോത്രവർഗ മേഖലയിൽ ആരംഭിച്ച സഞ്ചരിക്കുന്ന റേഷൻകട ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പാലക്കോട് ജില്ലയിൽ റേഷൻ കാർഡ് മസ്റ്ററിങ് 95 ശതമാനത്തിലേറെപൂർത്തീകരിച്ചതായും മന്ത്രി അറിയിച്ചു.

✪✪✪

പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വരുമാനവും ജീവിത മാർഗവും ഉണ്ടാക്കുകയാണ് ഗവൺമെന്റ് ലക്ഷ്യമെന്ന് മന്ത്രി OR കേളു പറഞ്ഞു. അട്ടപ്പാടി പുതൂർ ഗ്രാമ പഞ്ചായത്തിലെ താഴെ ഭൂതയാറിൽ തേൻ സംസ്കരണ ശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സഹ്യ ഡ്യൂ തേൻ വിപണവും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

ചെമ്മീൻ ഉൽപാദനത്തിൽ കേരളത്തിന് അനന്തസാധ്യതകളുണ്ടെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു. കണ്ണൂർ എരഞ്ഞോളി ഫിഷ് ഫാമിൽ പുതുതായി നിർമ്മിച്ച മത്സ്യ വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വനാമി ചെമ്മീൻ കൃഷിയുടെ ആദ്യ വിളവെടുപ്പും സ്പീക്കർ ഉദ്ഘാടനം ചെയ്തു.

✪✪✪

UDF ന്റെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന മലയോര സമര യാത്ര ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.

യാത്രയുടെ ഭാഗമായി രാവിലെ പാലോട് ജംഗ്ഷനിൽ സംഘടിപ്പിക്കുന്ന സമ്മേളനം മുസ്ലിം ലീഗ് നേതാവ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

വൈകിട്ട് നെയ്യാറ്റിൻകര താലൂക്കിലെ അമ്പൂരിയിൽ സമാപന സമ്മേളനം AICC ജനറൽ സെക്രട്ടറി ദീപ ദാസ് മുൻഷി ഉദ്ഘാടനം ചെയ്യും.

✪✪✪

ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനിൽ വൈകിട്ട് ഹിന്ദു ഏകതാ സമ്മേളനം RSS സർസംഘ് ചാലക് ഡോ. മോഹൻ ഭഗവത് ഉദ്ഘാടനം ചെയ്യും. ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദ പ്രഭാഷണം നടത്തും.

കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ....................

.....വോയ്സ്.........

113-മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ നാലാം ദിനമായ ഇന്ന് വൈകിട്ട് നാലിനു പമ്പാ മണൽ പുറത്തെ ശ്രീവിദ്യാധിരാജാ നഗറിൽ നടക്കുന്ന ഹിന്ദു ഏകതാ സമ്മേളനം ആർ.എസ്.എസ്. സർസംഘചാലക് ഡോ. മോഹൻ ഭഗവത് ഉദ്ഘാടനം ചെയ്യും. ശ്രീ നാരായണ ഗുരുവിന്റെ സംസ്കൃത കൃതിയായ ശ്രീ നാരായണസ്മൃതിയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഡോ.ജി.ആനന്ദരാജ് തയാറാക്കിയ മലയാള പരിഭാഷയുടെയും വേദജ്യോതി ഭാഷ്യത്തിന്റെയും പ്രകാശനവും അദ്ദേഹം നിർവഹിക്കും.

ഹിന്ദുമത മഹാമണ്ഡലം പ്രസിഡന്റ് പി.എസ്. നായർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മോഹൻ ഭഗവതിന്റെ ഗതാഗത നിയന്ത്രണത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി, ചെറുകോൽ, അയിരൂർ എന്നീ മൂന്നുഗ്രാമപഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ഉച്ച കഴിഞ്ഞ് പ്രാദേശിക അവധിയായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കാൻസർ കെയർ സൊസൈറ്റിക്ക് മാവൂർ തെങ്ങിലക്കടവിലെ ഭൂമിയും കെട്ടിടവും വിട്ടു നൽകുന്നതിന് നടപടികൾ വേഗത്തിലാക്കാൻ മന്ത്രി K രാജൻ നിർദ്ദേശം നൽകി. മന്ത്രിമാരായ വീണാ ജോർജ്, MB രാജേഷ് എന്നിവരുമായി വിഷയം ചർച്ച ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങളാണ് തീരുമാനം വൈകുന്നത്.

✪✪✪

കൊല്ലം കൊട്ടാരക്കര സദാനന്ദപുരത്ത് ആംബുലൻസും ലോറിയും കൂട്ടിയിടിച്ച് രോഗിയടക്കം രണ്ടുപേർ മരിച്ചു. അടൂർ ഏഴംകുളം സ്വദേശി തമ്പി, ഭാര്യ ശ്യാമള എന്നിവരാണ് മരിച്ചത്. അർദ്ധരാത്രിയോടെയായിരുന്നു അപകടം. പരിക്കേറ്റ ഏഴ് പേർ ചികിത്സയിലാണ്.

✪✪✪

സ്വാതന്ത്ര്യസമര സേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന കണ്ണൂർ പയ്യന്നൂരിലെ കണ്ണോത്ത് കുഞ്ഞികൃഷ്ണൻ നായർ എന്ന KNകണ്ണോത്ത് അന്തരിച്ചു. 94 വയസ്സായിരുന്നു. INTUC സംസ്ഥാന നേതാവും റെയിൽവേ തൊഴിലാളി യൂണിയൻ അഖിലേന്ത്യ നേതാവുമായിരുന്നു.

സംസ്സാരം വൈകിട്ട് കേളോത്ത് 'കൈവല്യം' ശ്മശാ നത്തിൽ നടത്തും.

✪✪✪

കോഴിക്കോട്ട് ദേശീയപാതാ നവീകരണം നടക്കുന്ന ഭാഗത്ത് സുരക്ഷാ ഭിത്തിയില്ലാത്ത കുഴിയിലെ വെള്ളക്കെട്ടിൽ വീണ് സ്വിഗ്ഗി ജീവനക്കാരൻ മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

ദേശീയ പാതാ പ്രോജക്റ്റ് ഡയറക്ടറും, ജില്ലാ കലക്ടറും, ജില്ലാ പോലീസ് മേധാവിയും രണ്ടാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ജൂഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു. എലത്തൂർ സ്വദേശി M രഞ്ജിത്താണ് തൊണ്ടയാട് - മലാപറമ്പ് റോഡിലെ പനാത്തുതാഴം നേതാജി ജംഗ്ഷനിലെ കുഴിയിൽ വീണ് മരിച്ചത്.

✪✪✪

തൃശൂർ എളവള്ളി ചിറ്റാട്ടുകരയിൽ ആനയുടെ കുത്തേറ്റ് ഒരാൾ മരിച്ചു. മറ്റൊരാൾക്ക് പരിക്കേറ്റു. ആലപ്പുഴ സ്വദേശി ആനന്ദ് ആണ് മരിച്ചത്. ബ്രഹ്മകുളം പൈങ്കിണിക്കൽ ക്ഷേത്രത്തിൽ ഉത്സവത്തിനെഴുന്നള്ളിച്ച ചിറക്കൽ ഗണേശൻ എന്ന ആനയാണ് പാപ്പാനെ കുത്തിയ ശേഷം ആനന്ദിനെ ആക്രമിച്ചത്. ആനയെ പിന്നീട് തളച്ചു.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസ്, ഫുട്ബോൾ സെമിഫൈനലിൽ കേരളം ഇന്ന് അസമിനെ നേരിടും. ഉച്ചക്ക് 12ന് ഹൽദ്വാനിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം. ബി ഗ്രൂപ്പിലെ രണ്ടാം സ്ഥാനക്കാരായാണ് കേരളം സെമിയിലെത്തിയത്. എ ഗ്രൂ പ്പിലെ ഒന്നാം സ്ഥാനക്കാരായാണ് അസമിന്റെ സെമി പ്രവേശം.

ന്യൂസ് ഡെസ്കിൽ നിന്ന് ദേശീയ ഗെയിംസിന്റെ കൂടുതൽ വിവരങ്ങൾ...

.......വോയ്സ്.........

ദേശീയ ഗെയിംസ് വോളിബോൾ ക്വാർട്ടർ ഫൈനലിൽ കേരളത്തിന്റെ പുരുഷ ടീം ഇന്ന് ഗോവയുമായി ഏറ്റുമുട്ടും. രാവിലെ 8.30ന് ശിവപുരി ബീച്ചിലാണ് മത്സരം. ഇതേ വേദിയിൽ കേരളത്തിന്റെ വനിതാ ടീം രാവിലെ 9.50ന് പുതുച്ചേരിയുമായി ഏറ്റുമുട്ടും.

ഷൂട്ടിംഗിൽ റോൺ ജോർജും സൈക്ലിംഗിൽ അദ്വൈദ് ശങ്കറും ബോക്സിംഗിൽ മുഹ്സിനും ഇന്ന് ഇറങ്ങുന്നുണ്ട്.

ഇന്നലെ രണ്ടു സ്വർണവും രണ്ടു വെള്ളിയും ഒരു വെങ്കലവുമാണ് കേരളത്തിന്റെ നേട്ടം. വനിതകളുടെ 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ ഹർഷിത മൂന്നാം സ്വർണം നേടി. വനിതകളുടെ വാട്ടർ പോളോയിലും കേരളത്തിന് സ്വർണ്ണം ലഭിച്ചു. ബാസ്കറ്റ് ബോൾ 3x3 പുരുഷ, വനിതാ വിഭാഗങ്ങളിൽ വെള്ളിയും പുരുഷന്മാരുടെ വാട്ടർ പോളോയിൽ പശ്ചിമ ബംഗാളിനെ പരാജയപ്പെടുത്തി വെങ്കലവും കേരളം ഇന്നലെ സ്വന്തമാക്കി.

എട്ട് സ്വർണ്ണവും ഏഴ് വെള്ളിയും അഞ്ച് വെങ്കലവുമടക്കം 20 മെഡലുകളുമായി ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം. 28 സ്വർണ്ണമുൾപ്പെടെ 53 മെഡലുകളുമായി കർണാടകയാണ് ഒന്നാമത്.

✪✪✪

കേരള എലൈറ്റ് പ്രീമിയർ ലീഗ് ഫുട്ബോളിൽ കോഴിക്കോട്ട് KSEB വിജയിച്ചു. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ട് ഗോളിന് മൂത്തൂറ്റ് ഫുട്ബോൾ അക്കാദമിയെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഇന്ന് കണ്ണൂരിൽ ആരംഭിക്കും. കക്കാട് ഡ്രീം ബാഡ്മിന്റൺ അറീനയിലെ ചാമ്പ്യൻഷിപ്പിൽ 300 ലേറെ കായിക താരങ്ങൾ പങ്കെടുക്കും.

✪✪✪

CPIM കാസർകോഡ് ജില്ലാ സമ്മേളനത്തിന് ഇന്ന് കാഞ്ഞങ്ങാട് തുടക്കമാകും. പോളിറ്റ് ബ്യൂറോ അംഗം A.വിജയരാഘവൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നബാർഡിന്റെ സഹായത്തോടെ മത്സ്യ ഉൽപ്പന്ന സംരംഭകർക്കായി പുതിയ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ ധാരണയായി. കുസാറ്റ് എറണാകുളം ലേക്ക്സൈഡ്

ക്യാമ്പസിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലാണ് സെന്റർ സ്ഥാപിക്കുന്നത്. ഇതിനായി നബാർഡ് 25 ലക്ഷംരൂപയും, കുസാറ്റ് രണ്ട് ലക്ഷത്തി 70,000രൂപയും നൽകും.

✪✪✪

കോഴിക്കോട് മുക്കത്ത് ഹോട്ടൽ ജീവനക്കാരിയെ ഹോട്ടൽ ഉടമയും സഹായികളും ഉപദ്രവിക്കാൻ ശ്രമിച്ച സംഭവത്തിൽ സംസ്ഥാന വനിത കമ്മീഷൻ അടിയന്തര റിപ്പോർട്ട് തേടി. കോഴിക്കോട് ജില്ല റൂറൽ SPയോടാണ് വനിതാ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടത്.

സംഭവത്തിൽ അടിയന്തര അന്വേഷണത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ഉത്തരവിട്ടു.

✪✪✪

താനൂർ നടവത്തിത്തോട് ഉപ്പുവെള്ള നിയന്ത്രണ VCB CUM ബ്രിഡ്ജിന്റെ നിർമാണം മന്ത്രി V അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു.

ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണം മന്ത്രി PA മുഹമ്മദ് റിയാസ് ഓൺലൈനായും ഉദ്ഘാടനം ചെയ്തു.

✪✪✪

*News Editor:*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: സയ്യിദ് അലി ശിഹാബ്, ശരണ്യ രാജൻ*
*DEO: സുബോധ് സി കെ*